Kerala Gazette No. 25 dated 19th June 1979.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 1915/എൽ. എ 4/79. തിരുവനന്തപുരം, 1979 ഫെബ്രുവരി 9.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം മദിരാശി ഹിന്ദുമതധർമ്മാർത്ഥദാനസ്വത്തുക്കൾ (ഭേദഗതി) ബിൽ, 1979 ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസ ,
നിയമസഭാ സെക്രട്ട .

അഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 90.

മദിരാശി ഹിന്ദുമത-ധർമ്മാർത്ഥദാന സ്വത്തുക്കൾ (ഭേദഗതി) ബിൽ, 197 .

1951-ലെ മദിരാശി ഹിന്ദുമത ധർമ്മാർത്ഥദാന സ്വത്തുക്കൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു
ബിൽ

പീഠിക.—1951-ലെ മദിരാശി ഹിന്ദുമത-ധർമ്മാർത്ഥദാന സ്വത്തുക്കൾ ആക്റ്റ് താഴെകാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പതാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു :-

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് മദിരാശി ഹിന്ദുമത-ധർമ്മാർത്ഥദാന സ്വത്തുക്കൾ (ഭേദഗതി) ആക്റ്റ്, 1979 എന്ന് പേർ പറയാം.

2. 70-ാം വകുപ്പിന്റെ ഭേദഗതി.—1956-ലെ സംസ്ഥാന പുനഃസംഘടന ആക്റ്റ് (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1951-ലെ മദിരാശി ഹിന്ദുമത-ധർമ്മാർത്ഥദാനസ്വത്തുക്കൾ ആക്റ്റ് (1951-ലെ XIX-ാം മദിരാശി ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിച്ചിട്ടുള്ളത്) 70-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ, പ്രാരംഭ ഖണ്ഡികയിൽ —

(എ) "മാർച്ച്" എന്ന വാക്കിന് പകരം "സെപ്റ്റംബർ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) "ഫസ്‌ലിവർഷം" എന്ന വാക്കുകൾക്കു പകരം "വർഷം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിൽ, "ഫസ്‌ലിവർഷം" എന്ന വാക്കുകൾക്കുപകരം "വർഷം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

3. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 71-ാം വകുപ്പിൽ, (2)-ഉം (4)-ഉം ഉപവകുപ്പുകളിൽ, "ഫസ്‌ലിവർഷം" എന്ന വാക്കുകൾക്കുപകരം "വർഷം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 76-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 76-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ "ഫസ്‌ലിവർഷം" എന്ന വാക്കുകൾക്കുപകരം "വർഷം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

5. 79-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 79-ാം വകുപ്പിൽ, "ഫസലികൾ" എന്ന വാക്ക് വരുന്ന രണ്ടു സ്ഥലങ്ങളിലും അതിനു പകരം "വർഷങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതും "ഫസ്‌ലി" എന്ന വാക്ക് വരുന്ന രണ്ടു സ്ഥലങ്ങളിലും അതിനുപകരം "വർഷം" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

മലബാർ പ്രദേശത്തുള്ള ഹിന്ദു പൊതുമതസ്ഥാപനങ്ങൾക്കും ധർമ്മാർത്ഥദാനസ്വത്തുക്കൾക്കും ബാധകമായിരിക്കുന്ന 1951-ലെ മദിരാശി ഹിന്ദുമത-ധർമ്മാർത്ഥദാനസ്വത്തുക്കൾ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം ബഡ്ജററ് തയ്യാറാക്കുന്നതും, കണക്കുസൂക്ഷിക്കുന്നതും, ആഡിററും, അംശദാനങ്ങൾ ചുമത്തുന്നതും ജൂലൈ 1-ാം തീയതി ആരംഭിച്ച് അടുത്തവർഷം ജൂൺ 30-ാം തീയതി അവസാനിക്കുന്ന ഓരോ ഫസലി വർഷത്തിലുമാണ്. ഈ സ്ഥാപനങ്ങളുടെ മുഖ്യമായ വരുമാനമാർഗ്ഗം 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റുപ്രകാരം സർക്കാർ അവർക്ക് നൽകേണ്ട വർഷാശനമാണ്. ഈ വർഷാശനം ജനുവരി 1 മുതൽ തുടങ്ങുന്ന ഓരോ കലണ്ടർ വർഷത്തിലും കിട്ടുന്നുള്ളതായിത്തീരുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണത്തിന് ഫസലിവർഷത്തിന്റെയും കലണ്ടർവർഷത്തിന്റെയും ആരംഭത്തീയതികളിലുള്ള വ്യത്യാസം വളരെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു. അതുകൊണ്ട് ഭരണ സൗകര്യാർത്ഥം പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിക്കുന്ന കണക്കുകളും, ആഡിററും, അംശദാനം ചുമത്തുന്നതും ഓരോ ഫസലി വർഷത്തേക്കും എന്നതിനുപകരം ഓരോ കലണ്ടർവർഷത്തേക്കും എന്ന് വ്യത്യാസപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

2. ഈ ബിൽ മുകളിൽപ്പറഞ്ഞിരിക്കുന്ന ആവശ്യത്തിന് 1951-ലെ മദിരാശി ഹിന്ദുമത ധർമ്മാർത്ഥദാന സ്വത്തുക്കൾ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.

ധർമ്മകാര്യ മെമ്മോറാണ്ഡം

ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽകൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ദാമോദരൻ കാളാശ്ശേരി.

(ശരിതർജ്ജമ)

(ഒപ്പ്)

എ. പി. പെരുമാൾ,

അഡീഷണൽ ഹെഡ് ട്രാൻസ്ലേറ്റർ.